**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3582** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | മാതാപിതാക്കൾ മക്കൾക്ക് നൽകുന്ന ഇഷ്ടദാനം, സഹോദരങ്ങൾ തമ്മിലുള്ള ഭാഗ ഉടമ്പടി, ഒഴിവുകുറി എന്നിവയ്ക്ക് നിലവിൽ സ്റ്റാമ്പ് ഡ്യൂട്ടി എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത്തരം രജിസ്ട്രേഷനുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനത്തിനും, ഇഷ്ടദാനത്തിനും, അവകാശഒഴികുറിക്കും കേരള മുദ്രപത്രനിയമം പട്ടിക ക്രമ നം.31(a), 51A(a), 48(a) എന്നിവ പ്രകാരം ഏറ്റവും കുറഞ്ഞത് 1000/- രൂപ നിരക്കിൽ വസ്തുവിന്റെ ന്യായവില അല്ലെങ്കിൽ പ്രതിഫലം ഇവയിൽ ഏതാണ് കൂടുതലായുള്ളത് ആയതിന്റെ 0.2% എന്ന നിരക്കിലാണ് (ഓരോ ആയിരം രൂപയ്ക്കും 2 രൂപ നിരക്കിൽ) സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത്.<br><br>കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര ആധാരത്തിന് കേരള മുദ്രപത്രനിയമം 42(a) പ്രകാരം ഏറ്റവും കുറഞ്ഞത് 1000/- രൂപ നിരക്കിൽ വസ്തുവിന്റെ വിഭാഗഓഹരിയുടെ ന്യായവില അല്ലെങ്കിൽ യഥാർത്ഥവില ഇവയിൽ ഏതാണ് കൂടുതലായുള്ളത് ആയതിന്റെ 0.15% എന്ന നിരക്കിലാണ് (ഓരോ 10000/- രൂപയ്ക്കും 15 രൂപ എന്ന നിരക്കിൽ) സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത്.<br><br>ഇത്തരം രജിസ്ട്രേഷനുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ കൂടുതൽ ഇളവുകൾ നൽകുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ